(ബി) എയ്ഡഡ് സ്കൂളുകളിൽ അധികമുള്ള അദ്ധ്യാപകരെ സർക്കാർ സ്കൂളിലോ ബി.ആർ.സി./യു.ആർ.സി./മറ്റ് കേന്ദ്രങ്ങൾ എന്നിവയിൽ നിയമിച്ചിട്ടുണ്ടോ ; എങ്കിൽ അവരുടെ നിയമനം എത്ര കാലത്തേക്കാണെന്ന് വിശദമാക്കുമോ ;

(സി) പ്രസ്തുത കാലാവധിക്കുശേഷം അവരെ എവിടെ നിയമിക്കാനാണ് ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കാമോ ?

ഉത്തരം

(എ) വിവരം ശേഖരിച്ചുവരുന്നു.

(ബി&സി) പാക്കേജ് ഉത്തരവ് പ്രകാരം 2010-11-ലെ തസ്തിക നിർണ്ണയത്തെ അടിസ്ഥാനമാക്കി അധികം വന്ന റിടെഞ്ച്ഡ് അദ്ധ്യാപകരെ ബി.ആർ.സി./ സി.ആർ.സി തുടങ്ങിയവയിൽ നിയമിച്ചിട്ടുണ്ട്. 2014-15-ൽ തസ്തിക നിർണ്ണയം നടത്തി അധികം വരുന്ന അദ്ധ്യാപകരെ പുനർവിന്യസിക്കുന്നതിന് 23-12-2014 സ.ഉ.278/14/പൊ.വി.വ. പ്രകാരം ഉത്തരവായിരുന്നുവെങ്കിലും 15-1-2015-ലെ WP(c) 30107/13 നമ്പർ കേസ് ലെ ഹൈക്കോടതി വിധിയിലൂടെ അദ്ധ്യാപക പാക്കേജും ഇതു സംബന്ധിച്ച് പുറപ്പെടുവിച്ചിട്ടുള്ള എല്ലാ സർക്കാർ ഉത്തരവുകളും ബഹുമാനപ്പെട്ട ഹൈക്കോടതി റദ്ദ് ചെയ്തിരിക്കുകയാണ്. അതിനാൽ ഇവരുടെ കാലാവധിയും വിന്യാസവും ബഹുമാനപ്പെട്ട ഹൈക്കോടതി വിധിയുടെ അടിസ്ഥാനത്തിൽ ഇപ്പോൾ നിശ്ചയിക്കുവാൻ കഴിയാത്ത സാഹചര്യമാണുള്ളത്.

മാട്ടൂൽ ഗവൺമെന്റ് ഹയർ സെക്കണ്ടറി സ്കൂൾ

32 (1068) ശ്രീ. ടി. വി. രാജേഷ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കണ്ണൂർ ജില്ലയിലെ മാട്ടൂൽ ഗവ. ഹയർ സെക്കണ്ടറി സ്കൂളിൽ എത്ര വിദ്യാർത്ഥികൾ പഠിക്കുന്നുണ്ട് ; വിശദാംശം നല്കുമോ ;

(ബി) പ്രസ്തുത സ്കൂളിൽ ഹൈസ്കൂൾ, ഹയർ സെക്കണ്ടറി വിഭാഗങ്ങളിലായി എത്ര അദ്ധ്യാപക-അനദ്ധ്യാപക തസ്തികകളാണ് നിലവിലുള്ളത് ;

(സി) ഇവയിൽ എത്ര തസ്തികകൾ ഒഴിഞ്ഞുകിടക്കുന്നുണ്ട് ; പ്രസ്തുത ഒഴിവുകൾ നികത്താൻ അടിയന്തര നടപടി സ്വീകരിക്കുമോ ;

LIBRARY ARCHIVES Kerala Legislative Assembly

(ഡി) വിദ്യാലയത്തിന് കെട്ടിടം നിർമ്മിക്കുന്നതിന് പൊതുമരാമത്ത് വകപ്പ് സമർപ്പിച്ച 213 ലക്ഷം രൂപയുടെ വിശദമായ എസ്റ്റിമേറ്റിന് ഭരണാനുമതി ലഭ്യമാക്കാൻ നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ) സ്കൂൾ വിഭാഗത്തിൽ 836 കുട്ടികളും ഹയർ സെക്കണ്ടറി വിഭാഗത്തിൽ 470 കുട്ടികളും ഉൾപ്പെടെ ആകെ 1,306 കുട്ടികൾ പഠിക്കുന്നുണ്ട്.

(ബി) ഹൈസ്കൂൾ വിഭാഗത്തിൽ 33 അദ്ധ്യാപക തസ്തികകളും 5 അനദ്ധ്യാപക തസ്തികകളും ഹയർ സെക്കണ്ടറി വിഭാഗത്തിൽ 21 അദ്ധ്യാപക തസ്തികകളും 2 അനദ്ധ്യാപക തസ്തികകളും നിലവിലുണ്ട്.

(സി) ഹയർ സെക്കണ്ടറി അദ്ധ്യാപകരുടെ-11, ലാബ് അസിസ്റ്റന്റ്-1, ഹൈസ്കൂളിലെ എച്ച്.എസ്.എ. തസ്തികയിൽ സോഷ്യൽ സയൻസ്-2, ഇംഗ്ലീഷ് 3, അറബിക് -1 ഉൾപ്പെടെ ആകെ 18 ഒഴിവുകൾ ഉണ്ട്. ഒഴിവുള്ള തസ്തികകളിൽ പി.എസ്.സി. മുഖേന നിയമനം നടത്തുന്നതിന് നടപടി സ്വീകരിച്ചുവരുന്നു.

(ഡി) നടപ്പുവർഷം സർക്കാർ ഹയർ സെക്കണ്ടറി സ്കൂളുകൾക്ക് കെട്ടിടം പണിയുന്നതിന് ബഡ്ജറ്റിൽ വകയിരുത്തിയ മുഴുവൻ തുകയ്ക്കും ഭരണാനുമതി നൽകിക്കഴിഞ്ഞു. ഇതിൽ കണ്ണൂർ ജില്ലയിലെ മാട്ടൂൽ ഗവൺമെന്റ് ഹയർ സെക്കൻണ്ടറി സ്കൂൾ ഉൾപ്പെട്ടിട്ടില്ല.

പാഠപുസ്തക വിതരണം

33 (1069) ശ്രീ. കെ. മുഹമ്മദുണ്ണി ഹാജി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) അടുത്ത അദ്ധ്യയന വർഷത്തെ പാഠപുസ്തക വിതരണത്തിന്റെ ക്രമീകരണങ്ങൾ ഏത് ഘട്ടത്തിലാണ് എന്ന് വിശദമാക്കുമോ ;

(ബി) പാഠപുസ്തകങ്ങളുടെ അച്ചടി എപ്പോൾ പൂർത്തീകരിക്കാൻ കഴിയും എന്നറിയിക്കുമോ ;

(സി) ഏതെല്ലാം ക്ലാസ്സുകളുടെ പാഠപുസ്തകങ്ങൾ മാറ്റുന്നതിനാണ് ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ ;

LIBRARY ARCHIVES Kerala Legislative Assembly